# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.410 27.02.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി നികുതി ഇനത്തിൽ ലഭിച്ച തുക

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി നികുതി ഇനത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ; | (എ) | 2016-17 191.50 കോടി രൂപ<br>2017-18 46.50 കോടി രൂപ (2017 ആഗസ്റ്റ് മാസത്തെ നറുക്കെടുപ്പുകൾ വരെയുള്ള മുൻകൂർ നികുതി)<br>ചരക്ക് സേവന നികുതി നിലവിൽ വന്ന 2017 ജൂലൈ 1 മുതൽ 2018 ജനുവരി 31 വരെ ലോട്ടറി വിൽപ്പനയിന്മേലുള്ള ജി.എസ്.ടി ഇനത്തിൽ 658,16,10,526/- രൂപ ജി.എസ്.റ്റി പോർട്ടലിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ CGST 329,08,05,263/ രൂപയും SGST 329,08,05,263/ രൂപയുമാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ ലോട്ടറി നികുതി ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് നറുക്കെടുപ്പിന്മേലുള്ള നികുതിയിനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>2011-12 54.25 കോടി രൂപ<br>2012-13 94.25 കോടി രൂപ<br>2013-14 115.35 കോടി രൂപ<br>2014-15 198.10 കോടി രൂപ<br>2015-16 186.52 കോടി രൂപ |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയത് ലോട്ടറി വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 01.07.17 മുതൽ 12% ജിഎസ്.ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12%ജിഎസ്.ടി കൂടി ചേർത്ത് പരമാവധി വിൽപ്പനവില 30/- രൂപയാക്കികൊണ്ടും, 50% മുകളിൽ സമ്മാനത്തുക |

| | | | |
|---|---|---|---|
| | | | അനുവദിച്ചും 3 സ്ലാബുകളിലായി 24%, 25%, 25.25%, എന്നിങ്ങനെ ഡിസ്കൗണ്ട് നൽകിക്കൊണ്ടും 15.07.17 ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. ജിഎസ്.ടി തുടങ്ങിയ ഘട്ടത്തിൽ ടിക്കറ്റ് വിൽപ്പനയിൽ കുറവുണ്ടാക്കിയിട്ടില്ല.. |

M aslmi

**സെക്ഷൻ ഓഫീസർ**